DESPATCHED
On. 28/01/2022

30/12/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in

## ഹർജി നമ്പർ AP.No.73(5)/20/SIC
## തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
## File No.566/SIC-G7/2020

സന്നിഹിത
ശ്രീമതി ശ്രീലതപി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ
ഉത്തരവ് തീയതി: 30.12.2021

| | |
|---|---|
| ശ്രീ. പി.കെ. സുരേന്ദ്രൻ,<br>പോർക്കളെങ്ങാട് ഹൗസ്,<br>മുക്കാട്ടുകര, തൃശ്ശൂർ – 680 657. | അപ്പീൽഹർജിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>വൈദ്യുതി വിഭാഗം,<br>തൃശ്ശൂർ നഗരസഭാ കാര്യാലയം.<br><br>അപ്പീൽ അധികാരി & അസിസ്റ്റന്റ് സെക്രട്ടറി,<br>വൈദ്യുതി വിഭാഗം,<br>തൃശ്ശൂർ നഗരസഭാ കാര്യാലയം. | എതിർകക്ഷികൾ |

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 23.09.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 16.10.2019 |
| ഒന്നാംഅപ്പീൽ | 24.10.2019 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 23.11.2019 |
| രണ്ടാംഅപ്പീൽ | 09.01.2020 |
| ഹിയറിംഗ് തീയതി | 22.10.2021, (ഓഡിയോ ഹിയറിംഗ്) |
| എതിർകക്ഷി<br><br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നു |

1. അപ്പീൽഹർജിക്കാരൻ എസ്.പി.ഐ.ഒയോട് ആവശ്യപ്പെട്ടത്, തൃശ്ശൂർ ശക്തൻ കുറീസ് എന്ന സ്ഥാപനത്തിന് വേണ്ടി എച്ച്.റ്റി ലൈൻ വലിച്ച് ട്രാൻസ്ഫോർമർ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട 7803/06, 7806/06, 7059/06, 7799/06, 7092/06 എന്നീ ഫയലുകളുടെ പകർപ്പുകളാണ്.

2. 24.09.2019 ൽ ഓഫീസിൽ ലഭിച്ച അപേക്ഷയ്ക്ക് 16.10.2019 ൽ ഫീസ് ഒടുക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഒന്നാം എതിർകകക്ഷി മറുപടി നൽകുകയും ശരിയായ രേഖകളും മറുപടികളും ലഭിക്കാത്തതിനെ തുടർന്ന് ഒന്നാം അപ്പീൽ സമർപ്പിക്കുകയുണ്ടായി. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട ഫയൽ 13 വർഷം കാലപ്പഴക്കം ഉള്ളതിനാൽ തെരഞ്ഞെടുക്കുവാൻ സമയം ആവശ്യമാണെന്നും ഫയലുകൾ ലഭ്യമാകുന്ന മുറയ്ക്ക് പകർപ്പ് അയച്ചു നൽകാം എന്ന് അറിയിച്ചുകൊണ്ട് ഒന്നാം അപ്പീൽ തീർപ്പാക്കുകയും ചെയ്തു.

3. ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്നും വിവരം ലഭ്യമാകാത്തതിനെ തുടർന്ന് ശരിയായ വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു.

4. അപ്പീൽഹർജിക്കാരൻ ആവശ്യപ്പെട്ട ഫയലുകളുടെ സൂക്ഷിപ്പ് സെക്ഷൻ I അസിസ്റ്റന്റ് എൻജിനീയറുടെ അധീനതയിലാകയാൽ 24.09.2019 ന് തന്നെ ടി ഫയൽ പകർപ്പുകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മെമ്മോ നൽകി എന്നും ഇതിനു മറുപടിയായി ഒരു ഫയൽ മാത്രമേ സെക്ഷനിൽ നിന്ന് ലഭ്യമായിട്ടുള്ളൂ എന്നും അതുപ്രകാരം അപ്പീൽഹർജിക്കാരന് മറുപടി നൽകി എന്നും ടിയാൻ ആവശ്യപ്പെട്ട ഫയലുകൾ സെക്ഷനിൽ ലഭ്യമല്ലെന്നും ലഭിക്കുന്ന മുറയ്ക്ക് ആയത് നൽകുന്നതാണെന്നും അറിയിച്ചു എന്നും ഫയലുകൾ കണ്ടെത്തനാകാതെ വന്ന സാഹചര്യത്തിൽ അവ കണ്ടെത്തുന്നതിന് അസിസ്റ്റന്റ് എൻജിനീയർ സെർച്ച് മെമ്മോ നൽകിയിട്ടുണ്ടായിരുന്നു എന്നും ഓഫീസ് നവീകരണവുമായി ബന്ധപ്പെട്ട് ഫയലുകൾ മാറ്റിയ പറവട്ടാനി വൈദ്യുതി വിഭാഗം

സ്റ്റോറിലും പരിശോധന നടത്തിയിട്ടുള്ളതാണ് എന്നും നിരന്തരം നടത്തിയ പരിശോധനകളിലും ഫയൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.

5. 7799/06 നമ്പർ ഫയലിലെ വിവരം നൽകാൻ ഒന്നാം എതിർകക്ഷി തയ്യാറായിരുന്നു എന്നും എന്നാൽ മറ്റ് ഫയലുകൾ കൂടി കിട്ടിയിട്ട് വിവരം നൽകിയാൽ മതിയെന്ന് അറിയിച്ചു എന്നും എന്നാൽ നാളിതുവരെ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കിയിട്ടില്ല എന്നാണ് അപ്പീൽഹർജിക്കാരൻ അറിയിച്ചത്.

6. അപ്പീൽഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിച്ചതിൽ, 7803/06, 7806/06, 7059/06, 7092/06 എന്നീ ഫയലിലെ വിവരങ്ങൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല എന്ന് കമ്മീഷൻ നിരീക്ഷിച്ചു. നിരന്തരശ്രമം നടത്തിയിട്ടും ടി ഫയലുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്ന എതിർകക്ഷിയുടെ വാദം ന്യായീകരിക്കത്തക്കതല്ല. മേൽ സാഹചര്യത്തിൽ 7803/06, 7806/06, 7059/06, 7092/06 എന്നീ ഫയലുകൾ ഒരിക്കൽ കൂടി തീവ്രശ്രമം നടത്തി പരിശോധിക്കുവാനും കണ്ടെത്തുന്ന മുറയ്ക്ക് അപേക്ഷയിൽ ആവശ്യപ്പെട്ട ഫയലുകളുടെ പകർപ്പുകൾ സൗജന്യമായി നൽകുവാനും ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി രേഖാമൂലം വിവരം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

7. ഇപ്രകാരം ഈ അപ്പീൽഹർജി ഇന്നേദിവസം 2021 ഡിസംബർ മാസം 30-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

RIGHT TO INFORMAT.